പത്രക്കുറിപ്പ്
2-12-2018

## കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാർ നിർവഹിക്കുന്നത് വലിയ സാമൂഹിക ഉത്തരവാദിത്വം: ഡോ.ടി.എൻ.സീമ

തിരുവനന്തപുരം: കുടുംബശ്രീ  കമ്യൂണിറ്റി കൗൺസിലർമാർ നിർവഹിക്കുന്നത് വലിയ സാമൂഹിക ഉത്തരവാദിത്വമാണെന്ന് ഡോ.ടി.എൻ.സീമ. കേരള യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗവുമായി ചേർന്ന് കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാർക്കു വേണ്ടി സംഘടിപ്പിക്കുന്ന അഞ്ചു ദിവസത്തെ പരിശീലന പരിപാടി കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിലെ ജൂബിലി ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു.

സാമൂഹികവും മാനസികവും ബൗദ്ധികവുമായ കരുത്താണ് സ്ത്രീ മുന്നേറ്റത്തിന് അനിവാര്യം. അതിന് മികച്ച മാനസികാരോഗ്യം കൈവരിക്കേണ്ടതും സംരക്ഷിക്കേണ്ടതും ആവശ്യമാണ്. കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാർക്ക് ഇക്കാര്യത്തിൽ നിർണായക പങ്കു വഹിക്കാനാകും. സമൂഹനിർമിതിയുടെ ഭാഗമായി സ്ത്രീയായതു കൊണ്ടു മാത്രം വിവേചനങ്ങൾ നേരിടേണ്ടി വരുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. സ്ത്രീക്കു നേരെയുണ്ടാകുന്ന കൈയ്യേറ്റങ്ങൾ പോലും ന്യായീകരിക്കപ്പെടുന്നത് ഇതുകൊണ്ടാണ്. സ്ത്രീകളുടെയും കുട്ടികളുടെയും കൗൺസിലിങ്ങിൽ വെളിപ്പെടുന്നത് വളരെ നാളുകളായി അവർ അടിച്ചമർത്തി വച്ചിട്ടുള്ള പല വിഷയങ്ങളുമാണ്. പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവർ തങ്ങളെ തേടി വരുന്നതു കാത്തു നിൽക്കാതെ നമ്മൾ അവരിലേക്കെത്തണം. സ്കൂൾ, വീട്, അയൽക്കൂട്ടങ്ങൾ എന്നിവിടങ്ങളെല്ലാം പ്രയാസങ്ങളും പ്രശ്നങ്ങളും പങ്കു വയ്ക്കാൻ കഴിയുന്ന ഇടങ്ങളായി മാറണം. ടി.എൻ.സീമ പറഞ്ഞു.

അയൽക്കൂട്ട കുടുംബങ്ങളിലെ പ്രശ്നങ്ങൾ മനസിലാക്കി കൗൺസിലിങ്ങ് വഴി മാനസികാരോഗ്യവും സന്തോഷവും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണ് ഇപ്പോൾ സംസ്ഥാനത്ത് സ്നേഹിതയുടെ ഭാഗമായി കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത്തലത്തിൽ മൂന്നൂറ്റി നാൽപ്പത്തിയേഴ് ജെൻഡർ റിസോഴ്സ് സെന്ററുകളും എഴുപത്തിരണ്ട് ബ്ളോക്ക് ലെവൽ കൗൺസലിങ്ങ് സെന്ററുകളും വാർഡുതലത്തിൽ പ്രവർത്തിക്കുന്ന പതിനേഴായിരത്തിലേറെ വിജിലന്റ് ഗ്രൂപ്പുകളും ഇന്ന് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നു. അയൽക്കൂട്ട വനിതകൾക്ക് അവരുടെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും സംഘർഷങ്ങളെയും കൈകാര്യം ചെയ്യുന്നതിനും തരണം ചെയ്യുന്നതിനും വ്യക്തിത്വ വികാസത്തിനും വേണ്ടിയുള്ള സംവിധാനങ്ങളാണ് ഇതെല്ലാം. ഇതിനോടൊപ്പം മികച്ച അക്കാദമിക് നിലവാരത്തിൽ പരിശീലനം ലഭിക്കുന്ന കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം കൂടി ലഭ്യമാകുന്നതോടെ കുടുംബശ്രീ വനിതകൾക്ക് സമൂഹത്തിൽ ഏറെ മുന്നേറാൻ കഴിയും. സമഗ്രമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീപുരുഷ സമത്വത്തിലേക്ക് എത്തിച്ചേരുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.  കമ്യൂണിറ്റി കൗൺസിലർമാർക്ക് നൽകുന്ന അഞ്ചു ദിവസത്തെ കൗൺസിലിങ്ങ് പരിശീലന പരിപാടി ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കൂടുതൽ കരുത്തും പ്രചോദനവും നൽകുമെന്നും ടി.എൻ.സീമ പറഞ്ഞു.

അക്കാദമിക് സമൂഹത്തിന് പൊതു സമൂഹത്തോട് ഉത്തരവാദിത്വമുണ്ടെന്നും കമ്യൂണിറ്റി കൗൺസിലർമാർക്കു വേണ്ടി നടത്തുന്ന പരിശീലന പരിപാടിയിലൂടെ  ഇതു മികച്ച രീതിയിൽ നിറവേറ്റാൻ സാധിക്കുമെന്നും അധ്യക്ഷ പ്രസംഗത്തിൽ സൈക്കോളജി വിഭാഗം മേധാവി ഡോ. ജസീർ .ജെ പറഞ്ഞു.

ഡോ.ടിസി മറിയം തോമസ് പരിശീലന പരിപാടിയെ സംബന്ധിച്ച് വിശദീകരിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് .കെ.വി സ്വാഗതവും ജെൻഡർ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സോയ തോമസ് നന്ദിയും പറഞ്ഞു. എല്ലാ ജില്ലകളിൽ നിന്നുമുള്ള മുന്നൂറ്റി അമ്പതിലേറെ കമ്യൂണിറ്റി കൗൺസിലർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

കമ്യൂണിറ്റി കൗൺസിലർമാർക്ക് പരിശീലനം നൽകി സംസ്ഥാനത്ത് കുടുംബശ്രീ കുടുംബാംഗങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഇവരുടെ മാനസികാരോഗ്യവും പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടാനും കൈകാര്യം ചെയ്യാനുമുള്ള കഴിയും ലഭ്യമാക്കുകയാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. നിലവിൽ അതിക്രമങ്ങൾക്കിരയായി കുടുംബശ്രീ 'സ്നേഹിത'യിൽ എത്തുന്നവർക്കാവശ്യമായ കൗൺസിലിങ്, കൂടാതെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ജെൻഡർ റിസോഴ്സ് സെന്ററുകൾ, വാർഡുതലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ എന്നിവയ്ക്കൊപ്പം ചേർന്നു കൊണ്ടും കൗൺസലിങ് സേവനങ്ങൾ നൽകുന്നുണ്ട്. കൂടാതെ ഫാമിലി കൗൺലിങ്ങും കുടുംബപ്രശ്നങ്ങൾ കാരണം പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ, പരീക്ഷയെ കുറിച്ചുള്ള ഭയം കാരണം മാനസിക സമ്മർദം അനുഭവിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്കും ആവശ്യമായ കൗൺസലിങ് നൽകുന്നു. സംസ്ഥാനം അതിരൂക്ഷമായ പ്രളയക്കെടുതികൾ നേരിട്ട് കിടപ്പാടവും ഉപജീവനമാർഗവും ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടി വന്ന 32000 പേർക്ക് കുടുംബശ്രീയുടെ കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയത് ഏറെ ശ്രദ്ധേയമായിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ